| പതിമൂന്നാം കേരള നിയമസഭ<br>പത്താം സമ്മേളനം | | | |
|---|---|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 116 | | 20.01.2014-ൽ മറുപടി നൽകേണ്ടത് | |
| ഭൂമി തട്ടിയെടുക്കുന്നതായ പരാതികൾ | | | |
| ചോദ്യം<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.പി.റ്റി.എ.റഹീം<br>ശ്രീ.എസ്.ശർമ്മ | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി | |
| എ) | സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ വ്യാജരേഖ ചമച്ച് ഭൂമി തട്ടിയെടുക്കുന്നതായ പരാതികൾ വ്യാപകമായി ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ എറണാകുളം, തിരുവനന്തപുരം, പത്തനംതിട്ട, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | റവന്യൂ വകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ അറിവോടെയും സഹായത്തോടെയുമാണ് ഇത്തരം തട്ടിപ്പുകൾ നടക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവർത്തനങ്ങൾക്ക് വകുപ്പിൽ ബാഹ്യയിടപെടൽ നടക്കുന്നത് അറിവുള്ളതാണോ; | ബി) | തിരുവനന്തപുരം ജില്ലയിലെ കടകംപള്ളി ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ ശ്രീ.വിദ്യോദയ കുമാർ മുൻ വില്ലേജ് ഓഫീസർ, ശ്രീ.അബ്ദുൽ ഗഫൂർ, മുൻ സ്പെഷ്യൽ വില്ലേജ് ഓഫീസർ, ശ്രീ.അജികുമാർ, മുൻ വില്ലേജ് അസിസ്റ്റന്റ് എന്നിവരെ തിരുവനന്തപുരം ജില്ലാ കളക്ടർ അച്ചടക്ക നടപടിയ്ക്ക് വിധേയരാക്കുകയും കഠിന ശിക്ഷ നൽകി എസ്5-72284/06 നമ്പർ നടപടിക്രമ പ്രകാരം നടപടി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ റവന്യൂ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ ശ്രീ.പി.എം.സുബ്രമണ്യം പിള്ള മുൻ വില്ലേജ് ഓഫീസർ, കടകംപള്ളിയെ 19.12.2013-ലെ എൽ.ആർ.ഡി.3-48665/13 നമ്പർ നടപടിക്രമം പ്രകാരം സസ്പെന്റ് ചെയ്തിട്ടുള്ളതാണ്. ബാഹ്യ ഇടപെടലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിക്കുകയാണെങ്കിൽ നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്. എറണാകുളം ജില്ലയിലെ ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് മുൻ റവന്യൂ വകുപ്പ് സെക്രട്ടറി നടത്തിയ അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ തൃക്കാക്കര നോർത്ത് വില്ലേജ് ഓഫീസറായ ശ്രീ.കെ.എസ്.സാബുവിനെയും കണയന്നൂർ അഡീഷണൽ തഹസീൽദാറായിരുന്ന ശ്രീമതി.കൃഷ്ണകുമാരിയെയും 12.12.2013-ൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും അവശേഷിക്കുന്ന ശ്രീ.മുഹമ്മദ് ബഷീർ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), ശ്രീ.എം.പ്രസന്നകുമാർ, റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം, ശ്രീമതി.ബി.ജയശ്രീ, ജൂനിയർ സൂപ്രണ്ട് എന്നിവർക്കെതിരെ കുറ്റപത്രം നൽകിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| സി) | ഭൂമിതട്ടിപ്പ് തടയേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പരിശോധനകൾ എന്തെങ്കിലും നടത്തുകയുണ്ടായോ; ഇതു സംബന്ധിച്ച് എന്തെങ്കിലും ശുപാർശകൾ ലഭി ച്ചിട്ടുണ്ടോ; വിശദമാക്കാമോ; | സി) | റവന്യൂ സെക്രട്ടറി 04.07.2013-നു സമർപ്പിച്ച റിപ്പോർട്ടിൽ ഭൂമി തട്ടിപ്പ് തടയുന്നതിനായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ശുപാർശ സമർപ്പിച്ചിട്ടുള്ളതാണ്. |
| ഡി) | ഭൂരേഖകൾ സംരക്ഷി ക്കുന്നതിന് വില്ലേജ് തലത്തിൽ പ്രത്യേക സംവി ധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലു ണ്ടോ; | ഡി) | ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 9 ജില്ലകളിലെ റീ-സർവ്വേ പൂർത്തിയാക്കിയ 573 വില്ലേജുകളിലെ ഭൂരേഖകൾ കമ്പ്യൂട്ടർവൽക്കരിച്ച് സംരക്ഷിക്കുന്നതിനും അതുപയോഗിച്ച് ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം ( റെലിസ്) എന്ന പ്രോഗ്രാം ഉപയോഗിച്ച് രജിസ്ട്രേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് 15.09.2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിലൂടെ 13.01.2014 വരെ 17933 ഭൂരേഖകൾ വിതരണം ചെയ്തിട്ടുള്ളതും , 9851 പോക്കുവരവുകൾ നടത്തിയിട്ടുള്ളതുമാണ്. |
| ഇ) | ഭൂരേഖകൾ സൂക്ഷി ക്കുന്നതിന് സമഗ്രമായ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനും ഉദ്യോഗ സ്ഥർക്ക് പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | ഇ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി (NLRMP)പദ്ധതി പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ആയതിനാൽ റവന്യൂ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ILDM) വഴി റവന്യൂ, സർവ്വേ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. കൂടാതെ ഈ പദ്ധതി ജില്ലാതലത്തിൽ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജില്ലാ കളക്ടറേറ്റുകളിലെ പരിശീലന കേന്ദ്രങ്ങളിൽ വെച്ചും പ്രത്യേക പരിശീലനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ